ഭരണ ഭാഷ – മാതൃഭാഷ

നമ്പർ: എച്ച് (2)/35985/2016/ഡിപിഐ

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി: 08/09/2016

പ്രേഷിതാവ്

പൊതു വിദ്യാഭ്യാസ ഡയറക്ടർ
തിരുവനന്തപുരം.

സ്വീകർത്താവ്

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും

സർ,

വിഷയം:- പൊതു വിദ്യാഭ്യാസം – സംരക്ഷിത ജീവനക്കാരുടെ പുനർവിന്യാസം സംബന്ധിച്ച്.

സൂചന:-
1) 29/01/2016 ലെ ജി.ഒ(പി) നമ്പർ 29/2016/പൊ.വി.വ.
2) 05/08/2016 ലെ ജി.ഒ(പി) നമ്പർ 134/2016/പൊ.വി.വ.
3) 31/08/2016 ലെ ജി.ഒ(പി) നമ്പർ 148/2016/പൊ.വി.വ.
4) ഈ ഓഫീസിൽ നിന്നുള്ള 08/08/2016, 18/08/2016 എന്നീ തീയതികളിലെ ഇതേ നമ്പർ കത്തുകൾ.

സംരക്ഷിത ജീവനക്കാരുടെ പുനർവിന്യാസം 09/09/2016 നകം പൂർത്തിയാക്കണമെന്ന സൂചന(3) ലെ ഉത്തരവ് ഓർമ്മയിലുണ്ടാകുമല്ലോ. ജില്ലയിൽതന്നെ പരമാവധി ഒഴിവുകൾ കണ്ടെത്തി വളരെ അടിയന്തരമായി പുനർവിന്യാസം പൂർത്തിയാക്കാൻ താങ്കൾ വ്യക്തിപരമായ ശ്രദ്ധ പതിപ്പിക്കണം. ഈ വിഷയത്തിൽ താഴെപ്പറയുന്ന നടപടികൾ കൂടി 09/09/2016 ന് വൈകിട്ട് 5 മണിക്കുമുമ്പ് പൂർത്തിയാക്കി റിപ്പോർട്ട് ചെയ്യണമെന്ന് അറിയിക്കുന്നു.

1. ആർ.എം.എസ്.എ ജില്ലാ ഓഫീസുകളിൽ രണ്ട് ട്രെയ്നർമാരെ വീതം ആവശ്യമുണ്ടെന്ന് പദ്ധതി ഡയറക്ടർ അറിയിച്ചിട്ടുണ്ട്. എല്ലാ ജില്ലകളിൽ നിന്നും ട്രെയ്നർമാരാകാൻ കഴിവും താല്പര്യവുമുള്ള ഏറ്റവും അനുയോജ്യരായ രണ്ട് സംരക്ഷിത ഹൈസ്കൂൾ അസിസ്റ്റന്റുമാരുടെ പേരുവിവരങ്ങൾ 09/09/2016 ന് രാവിലെ തന്നെ ഈ ഓഫീസിൽ എത്തിക്കേണ്ടതാണ്. (പേര്, തസ്തിക, സ്കൂളിന്റെ പേര്, ജനനത്തീയതി, വിദ്യാഭ്യാസ യോഗ്യത, എച്ച്.എസ്.എ ആയുള്ള സ്ഥിരനിയമനത്തീയതി, താമസ സ്ഥലം എന്നീ വിവരങ്ങൾ). പുനർവിന്യസിക്കപ്പെട്ടതോ, അല്ലാത്തതോ ആയ സംരക്ഷിത ജീവനക്കാരിൽ നിന്ന് ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെ സഹായത്തോടെ രണ്ടു പേരെ താങ്കൾതന്നെ കണ്ടെത്തി അറിയിച്ചാൽ മതിയാകും. സീനിയോറിറ്റിയല്ല കഴിവും സന്നദ്ധതയുമാണ് ഈ തിരഞ്ഞെടുപ്പിൽ മാനദണ്ഡമാക്കേണ്ടത് എന്ന വിവരവും അറിയിക്കുന്നു.
2. ആർ.എം.എസ്.എ വഴിയോ അല്ലാതെയോ അപ്ഗ്രേഡ് ചെയ്ത സ്കൂളിലേക്കുള്ള പുനർവിന്യാസത്തിന് പ്രഥമ പരിഗണന നൽകണമെന്നും അവിടെയുണ്ടായിരിക്കുന്ന അധ്യാപക ക്ഷാമത്തിന് ശാശ്വത പരിഹാരം കാണണമെന്നും സൂചന(4) ലെ (08/08/2016) കത്തു വഴി താങ്കളെ അറിയിച്ചിരുന്നതാണ്. എന്നാൽ അതൊന്നും ശ്രദ്ധിക്കാതെ പുനർ

വിന്യാസം നടത്തിയതിന്റെ ഫലമായി ചുരുക്കം ചില ജില്ലകളിൽ പ്രസ്തുത സ്കൂളുകളിലെ അധ്യാപകക്ഷാമം പരിഹരിക്കാൻ കഴിയാതെപോയി, ഇത് ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാരുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയാണ്. ആർ.എം.എസ്.എ വഴിയും അല്ലാതെയും ഉയർത്തിയ സ്കൂളുകളിൽ കെ.ഇ.ആർ പ്രകാരം അർഹതയുള്ള എല്ലാ അധ്യാപക, അനധ്യാപക ഒഴിവുകളിലേക്കും സംരക്ഷിത ജീവനക്കാരെ 09/09/2016 നുമുമ്പ് പുനർവിന്യസിക്കാൻ വിദ്യാഭ്യാസ ഉപഡയറക്ടർമാർ സത്വരമായി നടപടി സ്വീകരിക്കണം. ഈ ഒഴിവുകൾ നിലനിർത്തിക്കൊണ്ട് അധ്യാപക, അനധ്യാപകരെ മറ്റ് സ്കൂളുകളിൽ പുനർവിന്യസിച്ച വിദ്യാഭ്യാസ ഉപഡയറക്ടർമാർ 09/09/2016 നകം അത് പുന:ക്രമീകരിക്കാനും നടപടി സ്വീകരിക്കണം. ഏതെങ്കിലും ജില്ലകളിലെ ഇത്തരം സ്കൂളുകളിൽ ജീവനക്കാരെ ഇനിയും ആവശ്യമുണ്ടെങ്കിൽ സ്കൂളിന്റെ പേരും ഒഴിവുള്ള തസ്തികയും എണ്ണവും 09/09/2016 നുതന്നെ അറിയിക്കണം. ഇതനുസരിച്ച് സമീപജില്ലകളിൽ നിന്ന് അധ്യാപകരെ ലഭ്യമാക്കാൻ ഡയറക്ടറേറ്റിൽ നിന്ന് നടപടി സ്വീകരിക്കുന്നതാണ്.

യാതൊരു കാരണവശാലും ഓണാവധി കഴിഞ്ഞ് തുറക്കുമ്പോൾ ആർ.എം.എസ്.എ വഴിയും അല്ലാതെയും ഉയർത്തിയ സ്കൂളുകളിൽ അധ്യാപകരുടെ ഒഴിവുകൾ ഉണ്ടാകില്ല എന്ന കാര്യം വിദ്യാഭ്യാസ ഉപഡയറക്ടർ ഉറപ്പുവരുത്തേണ്ടതാണ്.

3. എസ്.എസ്.എ പദ്ധതിയിലേക്ക് ഡപ്യൂട്ടേഷൻ വഴി നിയമിക്കപ്പെടാൻ തിരഞ്ഞെടുക്കപ്പെട്ടവരുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതുമൂലം ലഭ്യമാകുന്ന ഒഴിവുകളിലേക്കെല്ലാം സംരക്ഷിതാദ്ധ്യാപകരെ പുനർവിന്യസിക്കാനുള്ള നടപടികളും ഒഴിവുകൾ ക്രമീകരിക്കപ്പെടുന്ന മുറയ്ക്ക് കാലവിളംബമില്ലാതെ പൂർത്തിയാക്കണം. ഇതുപോലെ ഐ.ടി@സ്കൂളിലേക്കുള്ള ഡപ്യൂട്ടേഷൻ ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് അതിലേക്കുള്ള പുനർവിന്യാസവും നടത്തണം.
4. നിലവിൽ പി.എസ്.സി ലിസ്റ്റില്ലാത്ത വിഷയങ്ങളിൽ പരമാവധി ഒഴിവുകൾ കണ്ടെത്തി അധ്യാപകരെ പുനർവിന്യസിക്കാൻ ശ്രമിക്കണം. സംരക്ഷിതാധ്യാപകർ ശമ്പളം വാങ്ങി മാതൃവിദ്യാലയത്തിൽ തുടരുകയും, അതേ വിഷയത്തിൽ മറ്റ് സർക്കാർ സ്കൂളുകളിൽ ദിനവേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെടുകയും ചെയ്താൽ സർക്കാർ ഖജനാവിന് ഇരട്ടി സാമ്പത്തിക ബാദ്ധ്യതയാണ് ഉണ്ടാകുന്നത് എന്ന കാര്യം പ്രത്യേകം ഓർക്കണം. ഇപ്രകാരം സംഭവിച്ചാൽ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ തന്നെ ഉത്തരവാദിത്തം ഏൽക്കേണ്ടിവരും എന്നറിയിക്കുന്നു. അന്തർജില്ലാ സ്ഥലം മാറ്റം, പ്രൈമറിയിൽ നിന്നുള്ള പ്രൊമോഷൻ എന്നിവയിൽ അപേക്ഷകരില്ലെങ്കിൽ പ്രസ്തുത ഒഴിവുകളും സംരക്ഷിതാധ്യാപകരെ ഉപയോഗിച്ച് നികത്തേണ്ടതാണ്.
5. ഒന്നിലധികം സ്കൂളുകളുള്ള വ്യക്തിഗതവും കോർപ്പറേറ്റുതലത്തിലുള്ളതുമായ മാനേജുമെന്റുകളുടെ കാര്യത്തിൽ ഈ ഓഫീസിൽ നിന്നുള്ള 08/08/2016 ലെ ഇതേ നമ്പർ കത്തിൽ സൂചിപ്പിച്ച (ഖണ്ഡിക 7) ഡിക്ലറേഷൻ സഹിതം തസ്തിക നഷ്ടമായ സംരക്ഷിത ജീവനക്കാരുടെ ലിസ്റ്റ് മാനേജർ സമർപ്പിച്ചാൽ അതത് ജില്ലയിലെ ലിസ്റ്റിൽ പ്രസ്തുത ജീവനക്കാരെയും ഉൾപ്പെടുത്തി പുനർവിന്യസിക്കേണ്ടതാണ്. (ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസറുടെ അറിവോടെ) ഇതല്ലാതെ അവരെ ഡയറക്ടറേറ്റിലേക്ക് അയക്കരുത്.

6. പുനർവിന്യസിക്കപ്പെട്ടതും, അല്ലാത്തതുമായ എല്ലാ സംരക്ഷിത ജീവനക്കാർക്കും 2016 ഏപ്രിൽ, മെയ്, ആഗസ്റ്റ് മാസങ്ങളിലെ ശമ്പളം നൽകുന്നതിനോ, ഓണം അലവൻസുകൾ (അഡ്വാൻസ് ഉൾപ്പെടെ) മാറി നൽകുന്ന കാര്യത്തിലോ അനാവശ്യമായ തടസ്സവാദങ്ങൽ ഉന്നയിച്ച് കാലവിളംബമുണ്ടാക്കുന്ന പ്രഥമാധ്യാപകർക്കെതിരെ കർശന നടപടികൾ സ്വീകരിക്കാനും വിവരം റിപ്പോർട്ടുചെയ്യാനും താങ്കളെ ചുമതലപ്പെടുത്തുന്നു.

09/09/2016 വൈകിട്ട് 5 മണിക്കുമുമ്പ് താങ്കളുടെ ജില്ലയിലെ പുനർവിന്യാസത്തിന്റെ അന്തിമചിത്രം മുമ്പ് നൽകിയിട്ടുള്ള 2 മാതൃകാ ഫോറങ്ങളിൽ ഡയറക്ടറേറ്റിൽ എത്തിക്കേണ്ടതാണ് (dpisecretsection@gmail.com). ഇതിൽ യാതൊരു വീഴ്ചയും ഉണ്ടാകരുതെന്നും അറിയിക്കുന്നു. രണ്ട് ഫോറങ്ങളിലും വ്യക്തമായി കാറ്റഗറി തിരിച്ചുവേണം വിവരങ്ങൾ രേഖപ്പെടുത്തേണ്ടത് എന്നതും ശ്രദ്ധിക്കുക.

ഓണാവധിക്കുശേഷമുള്ള സ്കൂളുകൾ അധ്യാപക സമൃദ്ധിയാൽ പരാതി രഹിതമായിരിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. എല്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും അധ്യാപകർക്കും ഹൃദ്യമായ ഓണാശംസകളും നേരുന്നു.

വിശ്വസ്തതയോടെ

**കെ.വി.മോഹൻകുമാർ ഐ.എ.എസ്**
പൊതു വിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്:

1. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
2. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
3. എല്ലാ പ്രഥമാധ്യാപകർക്കും ( വിദ്യാഭ്യാസ ഓഫീസർ മുഖാന്തിരം)
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.ടി @ സ്കൂൾ, തിരുവനന്തപുരം. (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)